പാട്ട് 3 മുത്തൈത്തരു

തന്റെ ജീവിതം വെറുത്ത് തിരുവണ്ണാമല ക്ഷേത്രത്തിന്റെ ഗോപുരത്തിൽ നിന്ന് അരുണഗിരിനാഥർ ചാടിയപ്പോൾ മുരുകൻ അദ്ദേഹത്തെ താങ്ങിയെടുത്ത് മന്ത്ര ഉപദേശം നൽകി അനുഗ്രഹിച്ചു. അരുണഗിരിയുടെ നാവിൽ വേൽ കൊണ്ട് 'ഓം' മന്ത്രം എഴുതിയതായും ഒരു ജപമാല കൊടുത്തതായും പറയപ്പെടുന്നു. ഈ പാട്ടിന്റെ ആദ്യ അടികൾ മുരുകൻ തന്നെ തുടങ്ങിക്കൊടുത്തു എന്നാണ് വിശ്വാസം.

| | | |
|---|---|---|
| ഛന്ദം | തത്തത്തന തത്ത ത്തനതന | |
| | തത്തത്തന തത്ത ത്തനതന | |
| | തത്തത്തന തത്ത ത്തനതന | തനതാന |

ഛന്ദം അനുസരിച്ച് എഴുതിയ സാഹിത്യം

1 മുത്തൈത്തരു പത്തി ത്തിരുനകൈ
അത്തിക്കിറൈ ശക്തി ശ്ശരവണ
മുത്തിക്കൊരു വിത്തു ഗ്ഗുരുപര എനവോതും

2 മുക്കട്പര മർകു ശ്ശുരുതിയിൻ
മുർപ്പട്ടതു കർപി ത്തിരുവരും
മുപ്പത്തുമു വർഗ്ഗ ത്തമരരും അടിപേണ

3 പത്തുത്തലൈ തത്ത ക്കണൈതൊടു
ഒറ്റൈഗ്ഗിരി മത്തൈ പ്പൊരുതൊരു
പട്ടപ്പകൽ വട്ട ത്തികിരിയിൽ ഇരവാക

4 ഭക്തർക്കിര ഥത്തൈ ക്കടവിയ
പച്ചൈപ്പുയൽ മെച്ച ത്തകുപൊരുൾ
പക്ഷത്തോട് രക്ഷി ത്തരുൾവതും ഒരുനാളേ

5 തിത്തിത്തെയ ഒത്ത പ്പരിപുര
നിർത്തപ്പദം വൈത്തു ഭ്ഭയിരവി
ദിക്കൊട്കന ടിക്ക ക്കഴുകൊടു കഴുതാട

6 ദിക്കുപ്പരി അഷ്ട ഭ്ഭയിരവർ
തൊക്കുത്തൊകു തൊക്കു ത്തൊകുതൊകു
ചിത്രപ്പവു രിക്കു ത്ത്രികടക എനവോത

7 കൊത്തുപ്പറൈ കൊട്ട ക്കളമിശൈ
കുക്കുക്കുകു കുക്കു ക്കുകുകുകു
കുത്തിപ്പുതൈ പുക്കു പ്പിടിയെന മുതുകൂകൈ

8 കൊട്പുറ്റെഴ നട്പ റ്റവുണരൈ
വെട്ടിബ്ബലി യിട്ടു ക്കുലഗിരി
കുത്തുപ്പട ഒത്തു പ്പൊരവല പെരുമാളേ

പദം പിരിച്ച് എഴുതിയ സാഹിത്യം

1 മുത്തൈ-ത്തരു പത്തി തിരു നകൈ
അത്തിക്ക് ഇറൈ ശക്തി ശരവണ
മുത്തിക്ക് ഒരു വിത്തു ഗുരുപര എന ഓതും

2 മുക്കട് (മുക്കൺ) പരമർക്ക് ശുരുതിയിൻ
മുർപ്പട്ടതു കർപിത്ത് ഇരുവരും
മുപ്പത്തു-മു വർഗ്ഗത്ത് അമരരും അടി പേണ

3 പത്തു-ത്തലൈ തത്ത കണൈ തൊടു
ഒറ്റൈ ഗിരി മത്തൈ പൊരുത് ഒരു
പട്ട-പ്പകൽ വട്ട തികിരിയിൽ ഇരവാക

4 ഭക്തർക്ക് ഇരഥത്തൈ കടവിയ
പച്ചൈ പുയൽ മെച്ചത്തകു പൊരുൾ
പക്ഷത്തോട് രക്ഷിത്ത് അരുൾവതും ഒരുനാളേ

5 തിത്തിത്തെയ ഒത്ത പരിപുര
നിർത്ത-പദം വൈത്തു ഭയിരവി
ദിക്കൊട്ക നടിക്ക കഴുകൊടു കഴുത് ആട

6 ദിക്കു പരി അഷ്ട ഭയിരവർ
തൊക്കുത്തൊകു തൊക്കു ത്തൊകുതൊകു
ചിത്ര പവുരിക്കു ത്രികടക എന ഓത

7 കൊത്തുപ്പറൈ കൊട്ട കളം ഇശൈ
കുക്കുക്കുകു കുക്കു ക്കുകുകുകു
കുത്തി പുതൈ പുക്കു പിടിയെന മുതു കൂകൈ

8 കൊട്പുറ്റ് എഴ നട്പറ്റു അവുണരൈ
വെട്ടി ബലി ഇട്ടു കുല ഗിരി
കുത്തുപ്പട ഒത്തു പൊര വല പെരുമാളേ

പദാർത്ഥം

മുത്തുപ്പോലുള്ള പല്ലുള്ള ദേവിയുടെ - ദേവാനയുടെ ദേവനേ വേലായുധനേ, ശരവണഭവനേ, മോക്ഷദാദാവായ ജ്ഞാനഗുരുവേ, എന്ന് പ്രാർത്ഥിക്കുന്ന മുക്കണ്ണനായ ശിവന് ഓം മന്ത്രം ഉപദേശിച്ച്, ബ്രഹ്മാവും വിഷ്ണുവും മുപ്പത്തുമുക്കോടി ദേവന്മാരും നിന്നെ തൊഴുതു നില്കെ,
രാവണന്റെ പത്തുത്തലകളും വീഴാൻ അമ്പെയ്തവനും, മന്ദരമലയെ മത്താക്കി പാൽകടൽ കടഞ്ഞവനും, തന്റെ ചക്രായുധത്താൽ ഒരു പകലിനെ രാത്രിയാക്കിയവനും,

ഭക്തൻ അർജ്ജുനന് സാരഥിയായി വന്നവനും, നീലമേഘവർണ്ണനുമായ മഹാവിഷ്ണുവിനാൽ പുകഴ്ത്തപ്പെടുന്നവനേ, എനിക്ക് അനുഗ്രഹം തരുന്ന ഒരു ദിവസം ഉണ്ടാകുമോ.
(അടുത്ത മൂന്ന് ഭാഗങ്ങളിലും (5, 6, 7) മുരുകനും അസുരന്മാരുമായുള്ള യുദ്ധത്തിനെ വർണ്ണിക്കുന്നു.)
ശൂരാദി അസുരന്മാരെ കൊന്ന്, ക്രൗഞ്ചമലയെ പൊടിയാക്കി ധർമ്മത്തിന് വേണ്ടി യുദ്ധം ചെയ്ത പെരുമാളേ.

<u>വർണ്ണന / സാരാംശം</u>

മുമ്മൂർത്തികളാലും, മുപ്പത്തുമുക്കോടി ദേവർകളാലും പൂജിക്കപ്പെടുന്ന പെരുമാളേ, എന്നെ കാത്തരുളേണമേ.

<u>രാഗവും താളവും</u> :

തിരുപ്പുകഴ് ഇശൈ വഴിപാട് പദ്ധതിയിൽ ഗൌള രാഗത്തിൽ മിശ്ര ചാപ്പ് താളം അല്ലെങ്കിൽ തിശ്ര തൃപുട താളത്തിൽ പാടുന്നു.

ഛന്ദ വ്യാഖ്യാനം :

തത്തത്തന തത്ത ത്തനതന = തത് തത് തന തത് തത് തന തന
തകധിമിതക തകധിമി തകധിമി (3 + 2 +2) അല്ലെങ്കിൽ $1^1/_2$ + 2
തിശ്ര തൃപുട മിശ്ര ചാപ്പ്

മറ്റു സംഗീതജ്ഞർ ഷണ്മുഖപ്രിയ രാഗത്തിൽ മിശ്ര ചാപ്പ് താളത്തിൽ പാടിയിട്ടുണ്ട്.

ലേഖകനോട് ബന്ധപ്പെടാൻ drbaluiyer@gmail.com
എന്ന മേൽവിലാസത്തിൽ ഈ-മെയിൽ അയക്കുക.